(ഡി) കോടതി നിർദ്ദേശങ്ങളുടെ വെളിച്ചത്തിലാണ് ആശ്രിത നിയമനം ക്ലാസ്-3, ക്ലാസ്-4 എന്നീ തസ്തികകളിൽ നിജപ്പെടുത്തിയിരിക്കുന്നത് എന്നതിനാൽ സാങ്കേതിക യോഗ്യതയ്ക്കനുസരിച്ച് മേൽ വിഭാഗം തസ്തികകളിലൊഴിച്ച് മറ്റു വിഭാഗം തസ്തികകളിൽ നിയമനം നൽകാൻ നിർവ്വാഹമില്ല.

53 (53) ജോലിയിൽ പ്രവേശിക്കുന്നതിനുള്ള സമയപരിധി നീട്ടിക്കൊടുത്ത കേസ്സുകൾ

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. മുഖേന നിയമന ഉത്തരവ് ലഭിച്ചിട്ടുള്ളവർക്ക് ഉത്തരവിൽ പറഞ്ഞ തീയതിക്കുള്ളിൽ ജോലിയിൽ പ്രവേശിക്കുവാൻ സാധിക്കാതെ വരികയാണെങ്കിൽ തീയതി നീട്ടിക്കൊടുക്കാറുണ്ടോ;

(ബി) എങ്കിൽ പരമാവധി എത്ര ദിവസം വരെ നീട്ടി കൊടുക്കാറുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രത്യേക കേസ്സായി പരിഗണിച്ച് എത്രപേർക്ക് തീയതി നീട്ടിക്കൊടുത്തിട്ടുണ്ട്;

(ഡി) എത്ര ദിവസംവരെ നീട്ടിക്കൊടുത്തിട്ടുണ്ട് എന്നും ആർക്കൊക്കെയാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിയമനാധികാരിതലത്തിൽ പരമാവധി 45 ദിവസം വരെയും ഏതെങ്കിലും സ്റ്റഡികോഴ്സോ ട്രെയിനിംഗ് കോഴ്സോ പൂർത്തിയാക്കാൻ വേണ്ട കാലാവധിവരെ സർക്കാർ തലത്തിലും ജോലിയിൽ പ്രവേശിക്കാനുള്ള സമയം നീട്ടിക്കൊടുക്കാറുണ്ട്.

(സി)&(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

54 (54) പെൻഷൻ പറ്റിയവരുടെ കണക്ക്

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-ൽ ഡിസംബർ 31 വരെ സർക്കാർ സർവ്വീസിൽ നിന്നും എത്രപേർ പെൻഷൻപറ്റി പിരിഞ്ഞു എന്ന് വെളിപ്പെടുത്തുമോ;

(ബി) 1998-ൽ പി.എസ്.സി. മുഖേന എത്രപേർക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly